കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: ddlfampm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.8/524/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

ഫോൺ നം: 0483 2734951

ഇ.മെയിൽ: ddlfampm@gmail.com

തീയതി: 17-03-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, (ജനറൽ ) മലപ്പുറം

3)കാര്യാലയ പകർപ്പ്

MAC3/17

നം നം.കെ.എസ്.എ.എം.പി.എം.8/524/2017 തിയ്യതി: 17-03-2017

# മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2015 മുതൽ 31.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വി.കെ ഷാജി, സീനിയർഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 6.2.2017 മുതൽ 10.2.2017 വരെ<br>27.2.2017 മുതൽ 28.2.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. മുഹമ്മദ് അലി. എം അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അബ്ദുന്നാസർ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മൂസ്സ. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീമതി.വഹീദ.കെ.പി | 1.4.2015 മുതൽ 2.10..2015വരെ |
| | | അഡ്മിനിസ്ട്രേറ്റിവ് സമിതി | 3.10.2015മുതൽ 15.11.2015വരെ |
| | | ശ്രീ.ആതവനാട്മുഹമ്മദ്കുട്ടി | 16.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | : | ശ്രീ.യൂസഫ്. ടി | 1.4.2015മുതൽ 16.2.2016 വരെ |
| | | ശ്രീ. ജോസ് ജോസഫ്. | 17-02-2016 |
| | | ശ്രീ. ജി. വിജയകുമാർ (I/C) | 18.2.2016 മുതൽ 3.3..2016 വരെ |
| | | ശ്രീ. പി.ജി. കണ്ണൻ നായർ | 4.3.2016 മുതൽ 31.3..2016 വരെ |
| അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ | | ശ്രീ. ടി.പി. സുബ്രഹ്മണ്യൻ | 1.4.2015മുതൽ 31.3.2016 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | | കുമാരി ശാന്തി. ഐ. എസ് | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | | ഡോ: വിജിത്ത് വിജയശങ്കർ | 1.4.2015മുതൽ 21.5.2015 വരെ |

| | | | |
|---|---|---|---|
| | | ഡോഃ ഗീത | 25.5.2015മുതൽ 31.5.2015 വരെ |
| | | ഡോഃ ഷമീർ | 22.5.2015 മുതൽ 24.5.2015 വരെ |
| | | | 1.6.2015 മുതൽ 30.6.2015 വരെ |
| | | ഡോഃ ഹക്കീം | 1.7.2015 മുതൽ 10.11.2015 വരെ |
| | | ഡോഃ വിജിത്ത് വിജയശങ്കർ | 11.11.2015 മുതൽ 31.3.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീ. മുഹമ്മദ് ഇഖ്ബാൽ | 1.4.2015 മുതൽ 24.6.2015 വരെ |
| | | ശ്രീ. അരുൾ കുമാർ | 25.6.2015മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1. | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | റസീപ്റ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 | |
| 13 | മുഴവൻ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൽപെടുത്തിയില്ല | 2-2 | |
| 14 | പണം അടവ്. യഥാസമയം അക്കൗണ്ടിൽ വരവ് വന്നില്ല | 2-3 | |
| | ഭാഗം 3 | | |
| 15 | പെയിൻ ആൻറ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് മരുന്ന് വാങ്ങൽ അപാകതകൾ | 3-1 ' | |
| 16 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-2 | |
| 17 | മുൻ വർഷങ്ങളിലെ പദ്ധതി പണം- കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല. | 3-3 | |

| | | | |
|---|---|---|---|
| 18 | പകൽ വീട് നിർവ്വഹണം- അപാകതകൾ | 3-4 | |
| 19 | ഗ്രാമ പഞ്ചായത്തുകൾ കൂട്ടതലായി നൽകിയ വിഹിതം ഐ.എ.വൈ. അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു. | 3-5 | |
| 20 | ഐ.എ.വൈ. ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടില്ല | 3-6 | |
| 21 | IWMP- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 | |
| 22 | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം - ഫ്ലോറിംഗ് ഏരിയയിൽ കുറവ് | 3-8 | |
| 23 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി - സർക്കാർ നിർദ്ദേശം ലംഘിച്ചു | 3-9 | |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം. ഗുണഭോക്തൃ ലിസ്റ്റ്, വിതരണ വിവരം ലഭ്യമാക്കിയില്ല. | 3-10 | |
| 25 | അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-11 | |
| 26 | സമയബന്ധിതമായി പ്രൊജക്ട് രൂപീകരിച്ച് ചെലവ് ചെയ്തില്ല. 1.89 കോടി രൂപ ലാപ്സായി | 3-12 | |
| | ഭാഗം 4 | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1. | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3. | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7. | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 31.3.2015 തിയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 2.9.2016 | - | -- |

*1994 ലെ കേരള ലോക്കൽ ഫണ്ട്* ഓഡിറ്റ് നിയമത്തിലെ *9(1)*-ാം വകുപ്പ് പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ ആ സാമ്പത്തികവർഷം അവസാനിച്ച് നാല് മാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സമയ പരിധിക്കകം അക്കൗണ്ട് ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതീയതി | സർട്ടിഫിക്കറ്റ്നമ്പർ/തീയതി |
|---|---|---|
| 2015-16 | 8.2.2017 | അനുബന്ധമായി ചേർക്കുന്നു. |

1. സാംഖ്യ രസീത് കൗണ്ടർ ഫോയിലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. അച്ചടിച്ച രസീത് ബുക്കിൽ (ബുക്ക് നമ്പർ 465) 12.7.2016 തീയ്യതിയിൽ രസീത് എഴുതിയതിന് ശേഷം 12.8.2015, 17.8.2015, 27.1.2016, 11.2.2016 തീയ്യതികൾ ചേർത്ത് രസീത് എഴുതിയിരിക്കുന്നു. 2015-16 വർഷം ലഭ്യമായ വരവ് തുകകൾക്കാണ് ഇപ്രകാരം രസീത് നൽകിയിട്ടുള്ളത്.

3. ഓരോ മാസവും Receipt & payment പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

4. വരവ് തുകകൾ യഥാസമയം സാംഖ്യ യിൽ വരവ് വെക്കുന്നില്ല.

| ഇനം | തുക | ബ്ലോക്ക് പഞ്ചായത്തിൽ വരവ് വന്നത് | ബാങ്ക് പാസ്ബുക്കിൽ വരവ് വന്നത് | സാംഖ്യയിൽ വരവ് വന്നത് |
|---|---|---|---|---|
| IAY വിഹിതം. എടയൂർ ഗ്രാമ പഞ്ചായത്ത് | 1280000 | 17.7.2015 | 22.7.2015 | 27.2.2016 |
| IAY വിഹിതം. മാറാക്കര ഗ്രാമ പഞ്ചായത്ത് | 940000 | 6.8.2015 | 7.8.2015 | 27.2.2016 |

5. പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

7. മുന്നിരിപ്പ് തുകകൾ മുൻ റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | 2014-15 AFS പ്രകാരം നീക്കിയിരിപ്പ് | 2015-16 AFS പ്രകാരം മുന്നിരിപ്പ് |
|---|---|---|
| BPFA- II | 8847005 | 8277797 |
| BPFA- III | 3385456 | 3253581 |
| BPFA-IV | 1893562 | 1807145 |

8. നീക്കിയിരിപ്പ് തുകകൾ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFS പ്രകാരം നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം |
|---|---|---|
| TSB | 2556616 | 2578566 |
| IAY Loan | 431 | 385 |
| TSC | 1154783 | 1232984 |
| IAY central share | 9181550 | 11447489 |
| IAY Plan | 23688208 | 22401177 |
| SIG for SHG | 3058 | 3182 |
| | 36584646 | 37663783 |

9. TSC ഇനത്തിൽ AFS പ്രകാരം വരവ് 496391 രൂപയാണ്. എന്നാൽ പാസ് ബുക്ക് പ്രകാരം 694456 രൂപ വരവുണ്ട്.

10. വാർഷിക കണക്കിൽ ഡെപ്പോസിറ്റ് (Shedule B-7) (Shedule B-9),ഇനത്തിൽ കാണിച്ച തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

11. വാർഷിക കണക്കിൽ Loans, Advance 8 ഇനത്തിൽ (Shedule B-1)കാണിച്ച തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

12. വാർഷിക കണക്ക് പ്രകാരം (Shedule B-1) ബ്ലോക്ക് പഞ്ചായത്ത് ലോൺ ഇനത്തിൽ അടവാക്കാനവശേഷിക്കുന്ന തുക 699500 രൂപ യാണ്. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ പ്രകാരം തുക 1623561 രൂപയാണ്.

13.ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 40000 രൂപ കൺയോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതിന് പകരം തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

14. മുൻ വർഷങ്ങളിൽ പദ്ധതിയുടെ ഭാഗമായി KWAയിൽ നിക്ഷേപിച്ചിരുന്ന തുകയിൽ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ച 444777 രൂപയും, 2015-16 വർഷം സ്കോളർഷിപ്പ് പദ്ധതിക്കായി വളാഞ്ചേരി നഗരസഭക്ക് നൽകിയ തുകയിൽ നിന്ന് തിരികെ ലഭിച്ച 78765 രൂപയും കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

15. IWMP ഇനത്തിൽ AFS പ്രകാരം വരവ് 7972484 രൂപയാണ്. എന്നാൽ പാസ് ബുക്ക് പ്രകാരം 8731833 രൂപ വരവുണ്ട്. ബാങ്ക് ബുക്ക് പ്രകാരം വരവ് 829156 രൂപയാണ്.

16. IAY ജനറൽ, Contribution for joint venture projects (code 320700203) തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

17. ഡെ ബുക്ക്, കാഷ് ബുക്ക് എന്നിവ ദിനേന പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല.

18.ബാങ്ക് ബുക്കുകളിൽ പ്രതിമാസ റീകൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

19. 2014-15 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47732700 |
| വരവ് | 85708450 |
| ആകെ | 133441150 |
| ചെലവ് | 92828248 |
| നീക്കിയിരിപ്പ് | 40612902 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8277797 | 30753000 | 39030797 | 29212947 | 9817850 | 74.85 |
| വികസനഫണ്ട് എസ്.സി.പി. | 1807145 | 9631000 | 11438145 | 6424392 | 5013753 | 56.17 |
| വികസനഫണ്ട് ടി.എസ്.പി. | 5000 | 25000 | 30000 | 30000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3253581 | 4484000 | 7737581 | 3622262 | 4115319 | 46.81 |

*കുറിപ്പ്:-

വിവിധ ഫണ്ടുകളുടെ 2014-15ലെ നീക്കിയിരിപ്പും 2015-16ലെ മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം സ്ഥിരീകരിക്കുകയും, നിലവിൽ റീകൺസൈൽ ചെയ്തിട്ടുള്ളതും ബാങ്ക് അക്കൗണ്ടുകളും ചെക്ക് ഇഷ്യൂ രജിസ്റ്ററുകളും പൊരുത്തപ്പെടുത്തിയിട്ടുള്ളതുമാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18-02-2017ലെ സി-1821/16 നമ്പർ കത്തിൽ

പ്രസ്താവിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 108377661 | 83 | 41464907 | 0 | 35 | 70.33 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ. ഇല്ല

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തിന് നികുതി, നികുതിയേതര വരുമാന സ്രോതസ്സുകൾ ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് മുഖേന ക്ഷേമ പെൻഷനുകളോ, മറ്റ് ക്ഷേമപദ്ധതികളോ നടപ്പിലാക്കുന്നില്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

ഓഡിറ്റ് ആരംഭിക്കുന്ന തീയ്യതിയിൽ (4.2.2017) സാംഖ്യ ഡേ ബുക്ക് പ്രകാരം കാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. IAY വിഹിതം ഇനത്തിൽ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിച്ച 1100000 രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ വരവ് വന്നത് ഒരു വർഷം കഴിഞ്ഞ് മാത്രമാണ്. യഥാസമയം അക്കൗണ്ടുകൾ റീ കൺസിലിയേഷൻ ചെയ്യാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ഇത് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇത് ആഭ്യന്തര നിയന്ത്രണത്തിലെ ഗുരുതരമായ വീഴ്ചയാണ്. വിശദാംശങ്ങൾ ഖണ്ഡിക 2-3 ൽ പരാമർശിച്ചിട്ടുണ്ട്.

2. സാംഖ്യ റസീപ്റ്റ് കൗണ്ടർ ഫോയിലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രീ പ്രിന്റഡ് കംമ്പ്യൂട്ടർ തപാൽ റസീപ്റ്റ് 5000 എണ്ണവും, പ്രീ പ്രിന്റഡ് കംമ്പ്യൂട്ടർ കാഷ് റസീപ്റ്റ് 500 എണ്ണവും വാങ്ങിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് 2118 രൂപ ഗ്രാമ ലക്ഷമി മുദ്രാലയത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ആയത് പ്രകാരം ലഭ്യമായ രസീതുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ (സ്റ്റോക്ക് രജിസ്റ്റർ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1ൽ പരാമർശിച്ചിട്ടുണ്ട്.

3. കണക്കുകൾ 'സാംഖ്യ'യിൽ രേഖപ്പെടുത്തുന്നതിൽ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ 'സാംഖ്യ'യിൽ രേഖപ്പെടുത്തുന്നതിൽ ധാരാളം വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വരവ് തുകകൾ യഥാസമയം രേഖപ്പെടുത്താത്തതും, തെറ്റായ ഹെഡുകളിൽ രേഖപ്പെടുത്തുന്നതും അടക്കം വ്യപകമായ പിഴവുകൾ സംഭവിച്ചിട്ടുള്ളതിനാൽ വാർഷിക കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.2.2017 | 1.4.2015 _ 30.11.2016 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റസീപ്റ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. സാംഖ്യ റസീപ്റ്റ് കൗണ്ടർ ഫോയിലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് തീയ്യതി വരെ ബ്ലോക്ക് പഞ്ചായത്തിന് ചുവടെ കാണും പ്രകാരം 5947 റസീറ്റുകൾ ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായവയിൽ ഉപയോഗിച്ചതിന്റെ കൗണ്ടർഫോയിലുകളും ഉപയോഗിക്കാത്ത റസീറ്റുകളും ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും പരിശോധക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയ്യതി | റസീപ്റ്റ് നമ്പർ | എണ്ണം |
|---|---|---|
| 8.11.2016 | 1182565-1183000 | 435 |
| ,, | 1182542-1182550 | 9 |
| ,, | 1182538-1182540 | 3 |
| 3.1.2016 | 0871001-0871500 | 500 |
| ,, | 5469001-5471000 | 5000 |
| ,, | 5466001-5469000 | |
| | | 5947 |

റസീപ്റ്റുകൾ പരിശോധനക്ക് ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. റസീപ്റ്റുകൾ എത്രയും പെട്ടെന്ന് കണ്ടെത്തി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2.വരവ് തുകകൾ സാംഖ്യയിൽ രേഖപ്പെടുത്തിയില്ല

സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം വരവ് വന്ന തുകകൾക്ക് സാംഖ്യ റസീപ്റ്റ് നൽകിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയ്യതി | തുക | ഇനം |
|---|---|---|
| 27.4.2015 | 15150 | സ്വച്ഛ ഭാരത് മിഷൻ |
| ,, | 5000 | IAY STഷെയർ. എടയൂർ ഗ്രാമ പഞ്ചായത്ത് |
| 11.7.2015 | 10000 | R.R തുക. തഹസീൽദാർ. തിരൂർ |
| 31.7.2015 | 840000 | IAY (G)ഷെയർ. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് |
| 6.8.2015 | 940000 | IAY (G)ഷെയർ. മാറാക്കര ഗ്രാമ പഞ്ചായത്ത് |

3.വരവ് തുകകൾ യഥാസമയം സാംഖ്യ യിൽ വരവ് വെക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാവുന്ന തുകകൾ യഥാസമയം സാംഖ്യയിൽ വരവ് വെക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | ബ്ലോക്ക് പഞ്ചായത്തിൽ വരവ് വന്നത് (സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം) | ബാങ്ക് പാസ്ബുക്കിൽ വരവ് വന്നത് | സാംഖ്യയിൽ വരവ് വന്നത് |
|---|---|---|---|---|
| IAY വിഹിതം. മാറാക്കര ഗ്രാമ പഞ്ചായത്ത് | 940000 | 6.8.2015 | 7.8.2015 | 27.2.2016 |
| TSC | 26400 | 2.4.2016 | | |

## 2-2 മുഴുവൻ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

ബ്ലോക്ക് പഞ്ചായത്തിന് കേരള ഗ്രാമീൺ ബാങ്ക് വളാഞ്ചേരി ശാഖയിൽ ഉള്ള 40254100102435 നമ്പർ അക്കൗണ്ടിലെ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അംഗൻവാടി പൂരക പോഷകാഹാരം, എസ്.ജി. ആർ.വൈ, ആർ. ആർ എന്നീ ഇനങ്ങളിലുള്ള തുകകളാണ് ഈ അക്കൗണ്ടിൽ ഉള്ളതെന്ന് ബാങ്ക് സ്റ്റേറ്റ്മെന്റിന് മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 6.9.2016 തീയ്യതിയിൽ അക്കൗണ്ടിൽ 1436729 നീക്കിയിരിപ്പുണ്ട്. ഈ തുകകളുടെ വിശദാംശങ്ങൾ കണ്ടെത്തി ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് വിതരണം ചെയ്യുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സർക്കാർ ഹെഡിലേക്ക് തിരിച്ചടവാക്കുകയോ

ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പണം അടവ്. യഥാസമയം അക്കൗണ്ടിൽ വരവ് വന്നില്ല

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത് IAY വിഹിതം ഇനത്തിൽ രണ്ട് ചെക്കുകൾ മുഖേന 8.10.2015ന് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ 1100000 രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ വരവ് വന്നത് ഏകദേശം ഒരു വർഷം കഴിഞ്ഞ് 4.10.2016 ൽ മാത്രമാണ്. IAY ആവശ്യത്തിനായി ബ്ലോക്ക് പഞ്ചായത്തിന് കനറാ ബാങ്ക് വളാഞ്ചേരി ശാഖയിൽ ഉള്ള അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തി ചെക്ക് കളക്ഷന് അയച്ചതിനാൽ പ്രസ്തുത തുക മറ്റൊരു അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയാണുണ്ടായത്. എന്നാൽ യഥാസമയം അക്കൗണ്ടുകൾ റീ കൺസിലിയേഷൻ ചെയ്യാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ഇത് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇത്തരം ഗുരുതരമായ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെയിൻ ആൻറ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് മരുന്ന് വാങ്ങൽ അപാകതകൾ

2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി കുറ്റിപ്പുറം താലൂക്കാശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള വിധം പെയിൻ $ പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് മരുന്ന് വാങ്ങി നൽകുന്നതിനായി 200000 രൂപ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| പെയിൻ ആൻറ് പാലിയേറ്റീവ് യൂണിറ്റിന്റെ പേർ | പ്രൊജക്റ്റ് നമ്പർ | തുക | ബിൽ നമ്പർ/ തിയതി |
|---|---|---|---|
| വളാഞ്ചേരി പെയിൻ & പാലിയേറ്റീവ് ക്ലിനിക്ക് | 22/ 16 | 100000 | 6/2015-16, 31-3-16 |
| രണ്ടത്താണി പാലിയേറ്റീവ് കെയർ യൂണിറ്റ്. | 152 /16 | 100000 | 8/2015-16, 31-3-16 |

പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് അവയുടെ പ്രവർത്തനം ബന്ധപ്പെട്ട പി.എം.സി. വിലയിരുത്തി തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രം പാലിയേറ്റീവ് കെയറിനുള്ള അവശ്യ മരുന്നുകളും പാലിയേറ്റീവ് കിറ്റിലുൾപ്പെട്ട സാമഗ്രികളും ബന്ധപ്പെട്ട പി.എം.സി. മുഖേന ഗ്രാമ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണെന്ന് 29-10-2015- ലെ ജി.ഒ.(ആർ.ടി.)3217/15തസ്വ.ഭവ.പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം യൂണിറ്റുകൾക്ക് മരുന്നുകളും സാമഗ്രികളും നൽകുന്ന പി. എം.സി.കൾ അതു സംബന്ധിച്ച് പ്രത്യേക വിതരണ രജിസ്റ്റർ സൂക്ഷിക്കണമെന്നും യൂണിറ്റുകളുടെ പ്രവർത്തനം പ്രത്യേക അജണ്ടയായി പി.എം.സി. യോഗങ്ങളിൽ ഉൾപ്പെടുത്തി പ്രവർത്തനം വിലയിരുത്തേണ്ടതാണെന്നും ഇത്തരം യൂണിറ്റുകൾ പരിരക്ഷാ പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പരിചരണം നൽകുന്ന രോഗികൾക്ക് മരുന്നുകളും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നുവെന്ന് ബന്ധപ്പെട്ട പി.എം.സി.കൾ ഉറപ്പാക്കണമെന്നും മേൽ മാർഗ്ഗ രേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടുകൾ നടപ്പാക്കുക വഴി ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കപ്പെടേണ്ട പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്.

2.കേരള മെഡിക്കൽ സർവീസ് കോർപറേഷന് മരുന്ന് വിതരണത്തിന് 200000 രൂപ ഡി.ഡി. യായി നൽകി.എന്നാൽ താഴെ കൊടുത്തിട്ടുള്ള വിധം 75976രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| പെയിൻ ആൻറ് പാലിയേറ്റീവ് യൂണിറ്റിന്റെ പേർ | KMSCL ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| വളാഞ്ചേരി പെയിൻ & പാലിയേറ്റീവ് ക്ലിനിക്ക് | 5615/ 19-12-16 | 12428 |
| രണ്ടത്താണി പാലിയേറ്റീവ് കെയർ യൂണിറ്റ്. | 4827/ 22-11-16<br>5618/ 19-12-16<br>5798/ 27-12-16 | 53240<br>8377<br>1881 |

ആകെ- 75926

ബാക്കി 124074 രൂപയുടെ മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല. മാത്രമല്ല ലഭിച്ച മരുന്നുകൾ പെയിൻ ആൻറ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് വിതരണം ചെയ്തതായോ പ്രസ്തുത മരുന്നുകൾ പാലിയേറ്റീവ് പരിചരണത്തിന് വിനിയോഗിച്ചതായോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 5/ 27-2-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 200000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ടി- പഞ്ചായത്തുകളിൽ നിന്നും പ്രസ്തുത പ്രൊജക്റ്റുകളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ/ചെലവ് വിശദാംശം | വിഹിതം നൽകിയ തുക | ബിൽ നമ്പർ/ തിയതി | റിമാർക്സ്. |
|---|---|---|---|
| പ്രതീക്ഷാ പദ്ധതി-4/16<br>ഇരിമ്പിളിയം, മാറാക്കര എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് 100000 രൂപ വീതം നൽകി | 200000 | 21/2015-16,30-3-16<br>200000/- | ഇല്ല. |
| പരിരക്ഷാ പദ്ധതി-5/16<br>ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകി. | 100000 | 22/2015-16, 30-3-16<br>100000/- | ഗ്രാമ പഞ്ചായത്തിന്റെ സാംഖ്യ രശീതി ലഭ്യമാക്കിയിട്ടില്ല. |
| ഗ്രാമ പഞ്ചായത്തുകളുടെ സ്കോളർഷിപ്പ് പദ്ധതിക്ക് ബ്ലോക്ക് വിഹിതം7/16<br>മാറാക്കര, വളാഞ്ചേരി, കൽപകഞ്ചേരി എന്നീ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത്. | 311415 | 25/2015-16, 30-3-16<br>311415/- | 1.മാറാക്കര-50000<br>വളാഞ്ചേരി- 205165<br>കൽപകഞ്ചേരി-56250 എന്നിങ്ങനെ തുക പിൻവലിച്ചു<br>2.വളാഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ സാംഖ്യ രശീതി ലഭ്യമാക്കിയിട്ടില്ല.<br>3. 126400 രൂപ വിനിയോഗിച്ചതായി നമ്പർ/ തിയതി രേഖപ്പെടുത്താത്ത വിനിയോഗ സാക്ഷ്യപത്രം മാത്രം ഹാജരാക്കി.<br>4. കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിനുള്ള 56250 രൂപ തിരിച്ചടച്ചു. |
| വളാഞ്ചേരി ഗ്രാമ പഞ്ചായത്ത്- വി.എഫ്.എ. സ്റ്റേഡിയം അടിസ്ഥാന സൗകര്യമൊരുക്കൽ<br>45/16 | 500000 | 29/ 2015-16,31-3-16<br>500000 | ഗ്രാമ പഞ്ചായത്തിന്റെ സാംഖ്യ രശീതി ലഭ്യമാക്കിയിട്ടില്ല. |

ആകെ- 11,11,415

മേൽ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം അതാത് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുന്നതിനും നിയമാനുസൃതമുള്ള കൈപ്പറ്റ് രശീതികൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും (എൻക്വയറി നമ്പർ- 6/ 27-2-17) രേഖകൾ പരിശോധനക്ക് ഹാജര.ക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 11,11,415 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-3 മുൻ വർഷങ്ങളിലെ പദ്ധതി പണം- കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.

മുൻ വർഷങ്ങളിൽ പദ്ധതിയുടെ ഭാഗമായി KWA -യിൽ നിക്ഷേപിച്ചിരുന്ന തുകയിൽ ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകിയ തുകയും വളാഞ്ചേരി ഗ്രാമ പഞ്ചായത്ത് തിരികെ നൽകിയ തുകയും പദ്ധതി നിർവ്വഹണത്തിൽ അധിക ച്ചെലവുണ്ടായത് മൂലം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുകയും സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ചെലവ് വിവരം | തിരികെ ലഭിച്ച തുക | ഡി.ഡി. നമ്പർ/ ചെക്ക് നം. |
|---|---|---|
| 2008-09 വർഷത്തിൽ ജനകീയാസൂത്രണ പ്രവർത്തിയുടെ കൺവീനരായിരുന്ന ശ്രീ. ടി.പി. രാജനിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയ തുക. | 5000<br>5000<br>5000 | 879983/ 15-10-15<br>881673/ 17-12-15<br>254647/ 17-2-16 |
| 2015-16 വർഷം സ്കോളർഷിപ്പ് പദ്ധതിക്ക് (പ്രൊജക്റ്റ് നമ്പർ- 7/16) വളാഞ്ചേരി ഗ്രാ. പ. ന് വിഹിതം നൽകിയ തുകയിൽ തിരികെ ലഭിച്ചത്. | 78765 | 011617/ 15-12-16 |
| 2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി KWA- യിൽ നിക്ഷേപിച്ച തുകയിൽ ബാലൻസ് എക്സി.എഞ്ചിനീയർ തിരികെ നൽകിയത്.<br>1.വെങ്ങല്ലൂർ ഡിവിഷൻ പൈപ്പ് ലൈൻ നീട്ടൽ (പ്രൊ.നം. 9/14)<br>2. വലിയകുന്ന് ഡിവിഷൻ പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊ. നം. 8/14) | 205316<br>239461 | 068566/ 13-1-16<br>068576/12-2-16 |

ആകെ- 5,38,542

മേൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 പകൽ വീട് നിർവ്വഹണം- അപാകതകൾ

വൃദ്ധസംരക്ഷണം ലക്ഷ്യമാക്കി ബ്ലോക്ക് ഓഫീസ് കോംപൗണ്ടിൽ പ്രവർത്തിക്കുന്ന 'പകൽ വീട്" എന്ന സ്ഥാപനത്തിന് നിലവിൽ സാമൂഹ്യ നീതി വകുപ്പിൽ നിന്നും ഗ്രാന്റ് ലഭ്യമാകുന്നില്ല. ജീവനക്കാരുടെ ശമ്പളം,അന്തേവാസികളുടെ ഭക്ഷണം,ചികിൽസ എന്നീ ആവർത്തനചെലവുകൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് തയ്യാറാക്കി 2015-16വർഷത്തിൽ (പ്രൊജക്റ്റ് നംപർ-3/16, അടങ്കൽ-400000/-) താഴെക്കൊടുത്തിരിക്കുന്ന പ്രകാരം വികസനഫണ്ടിൽ 131,147രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്ര.നം | ട്രഷറി ബിൽ | തുക |
|---|---|---|
| 1 | 2/12-8-15 | 81466 |
| 2 | 3/12-8-15 | 22538 |
| 3 | 7/5-9-15 | 27163 |
| | ആകെ | 131167 |

ഇതു കൂടാതെ BPA-I അക്കൗണ്ടിൽ നിന്നും താഴെ കൊടുത്തിട്ടുള്ള വിധം 104542 രൂപയും മേൽ ചെലവുകൾക്കായി പിൻവലിച്ചിട്ടുണ്ട്.

| ക്ര.നം | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 3743271 /<br>23-11-15 | 55956 |
| 2 | 3655630/<br>18-1-16 | 48586 |
| | ആകെ | 104542 |

7-6-2010 ൽ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന് അപേക്ഷയുടെയടിസ്ഥാനത്തിൽ 2011-12 വർഷത്തിൽ ആവർത്തനചെലവുകൾക്കായി 412000/-രൂപയുടെ ഗ്രാന്റ് സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതിനുശേഷം യഥാസമയം അപേക്ഷിച്ച് ഗ്രാന്റ് നേടിയെടുക്കാതെ വികസനഫണ്ടിൽ നിന്നും പ്രൊജക്ട് വെച്ച്

സ്ഥാപനത്തിന്റെ ആവർത്തനചെലവുകൾക്കായി സ്ഥാപന മാനേജർ നൽകുന്ന കത്തിന്റെയടിസ്ഥാനത്തിൽ തുടർ വർഷങ്ങളിൽ തുക പിൻവലിച്ച് നൽകുന്ന തെറ്റായ നടപടിയാണ് തുടർന്നുവന്നിരുന്നത്. 2015-16 വർഷത്തിൽ 9/2015 വരെ ഇതേ രീതിയാണ് തുടർന്നിട്ടുള്ളത്.2014-15 വർഷത്തെ ഓഡിറ്റ് സമയത്ത് (9/2015ന് ) ഈ അപാകത അധികൃതരുടെ ശ്രദ്ധയിൽപെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക- 3-1 ആയി ഉൾപ്പെടുത്തുകയും ചെയ്തതിനാൽ പിന്നീട് ഈ നടപടി തുടർന്നിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. 131,167 രൂപ പദ്ധതി ഫണ്ടിൽ നിന്നും ആവർത്തന ചെലവുകൾക്കായി ചെലവഴിച്ചത് ക്രമ പ്രകാരമല്ല.

2. പകൽ വീടിന് സാമൂഹ്യ നീതി വകുപ്പിൽ നിന്നും യഥാസമയം ഗ്രാന്റ് ലഭ്യമാക്കുന്നതിന് സമയോചിത നടപടികൾ സ്വീകരിച്ചിട്ടില്ല.

3. അന്തേവാസികളായി വിരലിലെണ്ണാവുന്നവർ മാത്രമേ സ്ഥാപനത്തിലുള്ളൂ. പകൽ വീടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടായിട്ടില്ല.

4.പകൽ വീടുകളിൽ വരുന്നവർക്ക് ഭക്ഷണം നൽകുകയാണെങ്കിൽ അതിനുള്ള വിഹിതം പ്രാദേശിക വിഭവ സമാഹരണത്തിലൂടെയും സ്പോൺസർഷിപ്പിലൂടെയുമാണ് കണ്ടെത്തേണ്ടത്. ഇതിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് ക്രമ പ്രകാരമുള്ള നടപടിയല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പകൽ വീടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതുമാണ്.

## 3-5 ഗ്രാമ പഞ്ചായത്തുകൾ കൂടുതലായി നൽകിയ വിഹിതം ഐ.എ.വൈ. അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു.

2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 7 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഐ.എ.വൈ ഭവന പദ്ധതിക്കുള്ള ആനുപാതികമായ വിഹിതത്തേക്കാൾ കൂടുതൽ തുക ലഭ്യമാക്കിയതായി കാണുന്നു. ടി- തുക ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു. ലഭ്യമാക്കിയ ഐ.എ.വൈ. വിഹിതത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | 2015-16 ടാർജറ്റ്(എണ്ണം) | | എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ എണ്ണം | | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ ധനസഹായം | | കൂടുതലായി ലഭ്യമാക്കിയ ധന സഹായം | |
|---|---|---|---|---|---|---|---|---|---|
| | | ജനറൽ+ ന്യൂനപക്ഷം. | എസ്.സി | ജനറൽ+ ന്യൂനപക്ഷം. | എസ്.സി | ജനറൽ+ ന്യൂനപക്ഷം. | എസ്.സി | ജനറൽ+ ന്യൂനപക്ഷം. | എസ്.സി |
| 1 | ആതവനാട് | 43 | 9 | 43 | 4 | 940000 | 220000 | 80000 | 140000 |
| 2 | എടയൂർ | 45 | 19 | 45 | 19 | 1240000 | 420000 | 340000 | 40000 |
| 3 | ഇരിമ്പിളിയം | 42 | 19 | 42 | 19 | 840000 | 380000 | - | - |
| 4 | കൽപ്പകഞ്ചേരി | 21 | 7 | 21 | 1 | 1100000 | - | 680000 | - |
| 5 | കുറ്റിപ്പുറം | 50 | 20 | 49 | 14 | 860000 | 400000 | - | 120000 |
| 6 | മാറാക്കര | 43 | 11 | 43 | 11 | 1140000 | 220000 | 280000 | - |
| 7 | വളാഞ്ചേരി | 42 | 22 | 36 | 22 | 720000 | 440000 | - | - |

ആകെ- 13,80000 300000

ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമായി മൊത്തം- 16,80,000(1380000+300000) രൂപ അധികമായി ഐ.എ. വൈ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.അധികമായി നൽകിയ തുക അതാതു ഗ്രാമ പഞ്ചായത്തുകൾക്ക് തിരിച്ച് നൽകാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/27.2.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

2014-15 വർഷത്തിലും ഇപ്രകാരം അധികം തുക ഗ്രാമ പഞ്ചായത്തുകൾ ലഭ്യമാക്കിയതായി ഓഡിറ്റ് റിപ്പോർട്ട് 2014-15 ൽ ഖണ്ഡിക- 3-13 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമല്ലാതെ നിയമാനുസൃതമുള്ള പരിധിയിൽ കവിഞ്ഞ് ഗ്രാമ പഞ്ചായത്തുകൾ വിഹിതം നൽകിയതിനാൽ മറ്റു വികസന പ്രവർത്തനങ്ങൾക്ക്

വിനിയോഗിക്കാവുന്ന ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി പണം ഐ. എ.വൈ. അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്.

അധികമായി നൽകിയ തുക അതാത് ഗ്രാമ പഞ്ചായത്തുകൾക്ക് തിരിച്ച് നൽകുകയോ തുടർന്നുള്ള വർഷങ്ങളിലെ വിഹിതത്തിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഐ.എ.വൈ. ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടില്ല

2015-16 വർഷത്തിൽ ഏഴ് ഗ്രാമ പഞ്ചായത്തുകളിൽ നിന്നായി ഐ എ വൈ പദ്ധതിയിൽ 374 ഗുണഭോക്താക്കൾ വീടുനിർമ്മാണത്തിനായി കരാർ ചമച്ചിട്ടുണ്ട്. ആയതിൽ 274പേർ വീട്ടു നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി ഗുണഭോക്താക്കളുടെ വീട്ടു പണികൾ താഴെ കൊടുത്തിട്ടുള്ള വിധം വിവിധ ഘട്ടങ്ങളിലാണ്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | തറ മാത്രം പൂർത്തീകരിച്ചവർ (എണ്ണം) | ലിൻറൽ ഉയരം വരെ പൂർത്തീകരിച്ചവർ (എണ്ണം) | മേൽക്കൂര വരെ പൂർത്തീകരിച്ചവർ (എണ്ണം) | നിർമ്മാണം പൂർത്തീകരിച്ചവർ (എണ്ണം) | ആകെ |
|---|---|---|---|---|---|---|
| 1 | ആതവനാട് | ജനറൽ-1 | ജനറൽ -5 | 0 | എസ്.സി-4<br>ജനറൽ -37 | 47 |
| 2 | എടയൂർ | എസ്.സി-3<br>ജനറൽ-4 | എസ്.സി-2<br>ജനറൽ-4 | എസ്.സി-4<br>ജനറൽ-1 | എസ്.സി-10<br>ജനറൽ-36 | 64 |
| 3 | ഇരിമ്പിളിയം | എസ്.സി-1<br>ജനറൽ-2 | എസ്.സി-3<br>ജനറൽ-2 | എസ്.സി-3<br>gen-1 | എസ്.സി-13<br>ജനറൽ-38 | 63 |
| 4 | കുറ്റിപ്പുറം | എസ്.സി-5<br>ജനറൽ-9 | എസ്.സി-1<br>ജനറൽ-4 | എസ്.സി-4<br>ജനറൽ-2 | എസ്.സി-4<br>ജനറൽ-34 | 63 |
| 5 | മാറാക്കര | എസ്.സി-3<br>ജനറൽ-3 | എസ്.സി-1<br>ജനറൽ-5 | എസ്.സി-2<br>ജനറൽ-2 | എസ്.സി-8<br>ജനറൽ-33 | 57 |
| 6 | വളാഞ്ചേരി | എസ്.സി-5<br>ജനറൽ-6 | എസ്.സി-4 | എസ്.സി-4<br>ജനറൽ-3 | എസ്.സി-13<br>ജനറൽ-23 | 58 |
| 7 | കൽപകഞ്ചേരി | 0 | 0 | ജനറൽ-1 | എസ്.സി-1<br>ജനറൽ-20 | 22 |
| | ആകെ | 42 | 31 | 27 | 274 | 374 |

നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള വീട്ടു പണികൾ അതാത് ഗുണഭോക്താക്കൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-7 IWMP- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ജല സംരക്ഷണം, കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഉൽപാദനവും ഉൽപാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച നീർത്തട പരിപാലന പരിപാടി(IWMP) ക്ക് വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതി പ്രകാരം താഴെ പറയുന്ന മൂന്നിനം പ്രവൃത്തികൾക്കായി 2015-16 വർഷത്തിൽ നീർത്തട കമ്മറ്റികളുടെ അക്കൗണ്ടുകളിലേക്ക് 63,74,964 രൂപ RTGS മുഖേന മാറ്റിയിട്ടുണ്ട്.

| നീർത്തട കമ്മിറ്റികളുടെ പേർ | ചെക്ക് നമ്പർ | തുക | ചെലവിനം |
|---|---|---|---|

| | | | NRM Nnatural resourse management | PSM( productive system management | LSS (livlihood supporting system) |
|---|---|---|---|---|---|
| കാട്ടിപ്പരുത്തിപ്പാടം | 636640/11-10-15-636661/ 17-3-16 | 1575171<br>415240 | 1335171<br>415240 | 240000 | |
| കൊളക്കാട് | 636640/11-10-15<br>636656/20-1-16<br>636664/ 31-3-16<br>636659/ 29-2-16 | 490000<br>50000<br>72000<br>131000 | 490000<br>131000 | 72000 | 50000 |
| കട്ടങ്ങാട് | 636640/11-10-15<br>636643/28-10-15<br>636664/31-3-16 | 297372<br>83377<br>48000 | 297372<br>83377 | 48000 | |
| കോതായ തോട് | 636640/11-10-15<br>636664/31-3-16 | 65093<br>36000 | 29093 | 36000<br>36000 | |
| മണ്ണേക്കര | 636640/11-10-15<br>636656/20-1-16<br>636664/31-3-16<br>636659/ 29-2-16 | 24000<br>150000<br>48000<br>229800 | 229800 | 24000<br>48000 | 150000 |
| പൂഞ്ചോല | 636640/11-10-15<br>636643/28-10-15<br>636650/31-10-15<br>636656/20-1--16<br>636659/ 29-2-16<br>636664/ 31-3-16 | 72000<br>824528<br>197278<br>50000<br>100000<br>447360 | 824528<br>197278<br>100000<br>447360 | 72000 | 50000 |
| പരിതി | 636640/11-10-15<br>636656/20-1--16<br>636659/ 29-2-16<br>636664/ 31-3-16 | 96000<br>75000<br>100000<br>36000 | 100000 | 96000<br>36000 | 75000 |
| പകരനല്ലൂർ | 636643/28-10-15<br>636656/20-1--16<br>636664/ 31-3-16 | 512745<br>125000<br>24000 | 512745 | 24000 | 125000 |

ആകെ- 63,74,964

പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. RTGS മുഖേന ട്രാൻസ്ഫർ ചെയ്ത തുക നീർത്തട കമ്മിറ്റികളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തതായി ബാങ്കിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. നീർത്തട കമ്മറ്റി സെക്രട്ടറിമാരായ അതത് വി.ഇ.ഒ. മാരിൽ നിന്നും ടി- തുകകൾ വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ, ചെലവ് വിശദാംശങ്ങളോ നിർവ്വഹണ /ഫണ്ടിംഗ് ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല

3. ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള ജീവനോപാധി മേഖലയിൽ ജെ.എൽ.ജി. ഗ്രൂപ്പുകൾക്കുള്ള പലിശ രഹിത വായ്പാ ധന സഹായമായി 25000 രൂപ വീതം 475000 രൂപ അനുവദിച്ചിട്ടുണ്ട്.( പച്ചക്കറി കൃഷി-15 പേർ, ആട്ട വലർത്തൽ - 4 പേർ) എന്നാൽ ഗ്രൂപ്പുകൾക്ക് നൽകിയ തുക തവണകളായി തിരിച്ചടച്ച വിവരമില്ല.

4. ചെക്ക് നമ്പർ 636644/ 28-10-15 പ്രകാരം 250000 രൂപ IWMP ഫണ്ടിൽ നിന്നും ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയരക്ടറുടെ 28-10-15 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രശീതി ലഭ്യമാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. 250000/-രൂപ നൽകിയതിന് വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ

നിന്നും കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ടി തുക തടസ്സം ചെയ്യുന്നു.

## 3-8 ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം - ഫ്ലോറിംഗ് ഏരിയയിൽ കുറവ്

അസി.എക്സി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ട് നം. 93/16 - ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണ പ്രവൃത്തി 23.03.15 ന് പൂർത്തീകരിച്ച് 1,50,000 രൂപക്ക് മൂല്യനിർണ്ണയം നടത്തി ട്രഷറി ബിൽ നം. 2/ 15-16 തി : 14.07.15 മുഖേന കരാറുകാരന് പണം നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ രണ്ടാം ഇനമായി, വിട്രിഫൈഡ് ടൈൽ കൊണ്ട് 117.255 m2 ഫ്ലോറിംഗ് ചെയ്യുന്നതിന് 1165/m2 നിരക്കിൽ 1,36,602 രൂപ അനുവദിച്ചതായി അളവുപുസ്തകത്തിൽ (നം. 35/14-15) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഈ പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ ഫ്ലോറിംഗ് ഏരിയയിൽ കുറവ് കണ്ടെത്തി. വരാന്തയുടെ ഏരിയ 7.28*2.50=18.20 m2 എന്നാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ 1.50 m വീതിയുള്ള ഈ വരാന്തയുടെ ഏരിയ 7.28*1.50=10.92 m2 ആണ്.

ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 8481 രൂപ (7.28*1165) ഉത്തരവാദികളിൽ നിന്നീടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി - സർക്കാർ നിർദ്ദേശം ലംഘിച്ചു

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നം. S0057/16, ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിരതാമസക്കാരായ ചുരുങ്ങിയത് ഒരു പശുവെങ്കിലുമുള്ള, ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക്, ലിറ്ററിന് 2 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകാൻ ലക്ഷ്യമിട്ടിരുന്നു. വികസന ഫണ്ട് 3.5 ലക്ഷം രൂപയും തനത് ഫണ്ട് 1 ലക്ഷം രൂപയും ഉൾപ്പെടെ 4.5 ലക്ഷം രൂപ ഇതിനായി വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തു. (ട്രഷറി ബിൽ നം. 1/ 15-16/ 31.03.16 (3,50,000 രൂപ), ചെക്ക് നം. 4528938/ 31.03.16 (1,00,000 രൂപ).

മാറാക്കര, ആതവനാട്, ഇരിമ്പിളിയം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 14 ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളന്ന 631 ക്ഷീരകർഷകരുടെ പട്ടിക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ചത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 23.02.16 ലെ VIII (23) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖയായ സ.ഉ (എം.എസ്) 362/2013/ ത.സ്വ.ഭ.വ. തിയതി : 16.11.13, സ.ഉ (സാധാ) 3172/2014/ത.സ്വ.ഭ.വ. തിയതി : 02.12.14 എന്നീ ഉത്തരവുകളിൽ, ക്ഷീര കർഷക സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണെന്നും ഇതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ടായി വിഹിതം നൽകാവുന്നതാണെന്നും നിർവഹണം നടത്തേണ്ടത് ഗ്രാമ പഞ്ചായത്തായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാതെ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവഹണം നടത്തി.

2) മാറാക്കര ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 5(1)/ 09.09.15 നമ്പർ തീരുമാനപ്രകാരമാണ് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചത്. ആതവനാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 4(1),4(2)/ 23.02.16 നമ്പർ തീരുമാനപ്രകാരവും ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 12(10)/ 23.02.16 നമ്പർ തീരുമാനപ്രകാരവും ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു. ആതവനാട്, ഇരിമ്പിളിയം എന്നീ ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച 23.02.16 ന തന്നെയാണ് ബ്ലോക്ക് പഞ്ചായത്തും ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവുതുക 4,50,000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം. ഗുണഭോക്തൃ ലിസ്റ്റ്, വിതരണ വിവരം ലഭ്യമാക്കിയില്ല.

ബിൽ 1/16.10.2015 തുക. 687145

ബിൽ 2/27.10.2015 തുക. 284855

ബിൽ 3/23.3.2016 ( p849/15) തുക. 80000

ബിൽ 4/23.3.2016 ( p851/15) തുക. 348000

പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കണ്ടെത്തി. മൂന്ന് പ്രൊജക്ടുകൾ മുഖേനയാണ് പദ്ധതി

നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് 4000 രൂപ നിരക്കിലാണ് ഫർണ്ണിച്ചർ വാങ്ങി നൽകിയിട്ടുള്ളത്.

1. SO113/16 പ്രൊജക്റ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ 243 കുട്ടികൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

വ്യക്തിഗത ആനുകൂല്യം നൽകുന്ന പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം ഗ്രാമ സഭകൾക്കാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ പട്ടികജാതിക്കാർക്കായി വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്കും അംഗീകാരം നൽകിക്കൊണ്ടുള്ള 2.12.2014 ലെ സ.ഉ (സാധാ)നം 3172/2014 ഉത്തരവിലും ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമ പഞ്ചായത്ത് നല്കുന്നതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2. SO113/16 പ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്ത ഫർണ്ണീച്ചറുകൾ മുഴുവൻ കുട്ടികളും കൈപറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. GHSS പേരശ്ശനൂർ - 18, GUP സ്കൂൾ ആതവനാട് - 4, ടെക്നിക്കൽ ഹൈസ്കൂൾ കുറ്റിപ്പുറം - 14, ദി ഗേൾസ് ഹൈസ്കൂൾ വളാഞ്ചേരി - 16, MESഹയർ സെക്കന്ററി സ്കൂൾ ഇരിമ്പിളിയം -48 എന്നീ സ്കൂളുകൾ മുഖേന വിതരണം ചെയ്തതിന്റെ വിവരങ്ങളാണ് ലഭ്യമാവാനുള്ളത്.

3. മേൽ പ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്ത ഫർണ്ണീച്ചർ വില 'സിഡ്കൊ' ക്ക് നൽകിയത് രണ്ട് ബില്ലുകൾ മുഖേനയാണ്. ഇതിൽ 2/27.10.2015 നമ്പർ ട്രഷറി ബിൽ മുഖേന പിൻവലിച്ച 284855 രൂപയുടെ രസീത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. SO111/16, SO114/16 എന്നീ പ്രൊജക്റ്റുകൾ പ്രകാരം 107 കുട്ടികൾക്ക് ഫർണ്ണീച്ചർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഫർണ്ണീച്ചർ കുട്ടികൾ കൈപറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 4/10.2.2017 മുഖേന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1400000 രൂപ തടസ്സം ചെയ്യുന്നു.

## **3-11** <u>അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

പ്രൊജക്റ്റ്: 112/16 തുക 536168 പ്ലാൻ

ബിൽ 1/29.2.2016 196571

ബിൽ 2/31.3.2016 209253

ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ (CDPO) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുറ്റിപ്പുറം ബ്ലോക്ക് പരിധിയിലെ അംഗൻവാടികളിൽ ഗ്യാസ് കണക്ഷൻ എന്ന പ്രൊജക്റ്റ് പ്രകാരം 2015-16 വർഷം 64 അംഗൻവാടികളിലേക്ക് ഗ്യാസ് സിലിണ്ടർ, സ്റ്റൗ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ 152 അംഗൻവാടികളിലേക്കും ഇതേ പേരിലുള്ള പ്രൊജക്റ്റ് പ്രകാരം ഗ്യാസ് സിലിണ്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. ഗ്യാസ് കണക്ഷൻ ആവശ്യമുള്ള അംഗൻവാടികളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ആവശ്യപ്പെട്ടതിന്റെയോ, ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമായതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിവിധ ഗ്രാമ പഞ്ചായത്തുകൾ ഇത്തരം പദ്ധതികൾ മുൻവർഷങ്ങളിൽ നടപ്പിലാക്കിയുണ്ടെന്നതിനാൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്.

2. പ്രൊജക്റ്റ് പ്രകാരം വാങ്ങിയ ഗ്യാസ് സിലിണ്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം, അംഗൻവാടികളുടെ കൈപറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. ഓഡിറ്റ് എൻക്വയറിലൂടെ - 1/9.2.2017 – രേഖകൾ ആവശ്യപ്പെട്ടതിനെ തുടർന്ന് 51 അംഗൻവാടികൾ ഗ്യാസ് സിലിണ്ടർ കൈപറ്റിയതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും പ്രസ്തുത രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥനോ, ബന്ധപ്പെട്ട ICDSസൂപ്പർവൈസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള അംഗൻവാടികളുടെ കൈപറ്റ് ലഭ്യമാക്കാനുമുണ്ട്.

രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 405824രൂപ തടസ്സം ചെയ്യുന്നു.

## **3-12** <u>സമയബന്ധിതമായി പ്രൊജക്റ്റ് രൂപീകരിച്ച് ചെലവ് ചെയ്തില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ **1.89**കോടി രൂപ ലാപ്സായി</u>

ബ്ലോക്ക് പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ആകെ ലഭിച്ച 5.82 കോടി രൂപയിൽ 1.89കോടിരൂപ, സമയബന്ധിതമായി പ്രൊജക്റ്റുകൾ രൂപീകരിച്ച് ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത്

പരിധിയിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ മാത്രം മുൻ ബാക്കി ഉൾപ്പെടെ 5.82 കോടി രൂപയുടെ വരവുണ്ടായിരുന്നു. എന്നാൽ ആകെ ചെലവ് 3.92 കോടി രൂപ മാത്രമായിരുന്നു.

ജനറൽ പർപസ് ഗ്രാന്റ്, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ, കേന്ദ്രാ വിഷ്കൃത പദ്ധതികൾക്കായുള്ള ഫണ്ടുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി മൊത്തം 10.83 കോടി രൂപ അടങ്കലിലുള്ള 118 പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് അംഗീകാരം നേടിയിരുന്നുവെങ്കിലും 83പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ജനകീയാവശ്യങ്ങളാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്.

ജനങ്ങളുടെ സഹകരണത്തോടെയും ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയും ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ഉൾപ്പെടെ ആക വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 39030797 | 29212947 | 9817850 |
| വികസനഫണ്ട് എസ്.സി.പി. | 11438145 | 6424392 | 5013753 |
| സംരക്ഷണഗ്രാന്റ് റോഡ് | 7737581 | 3622262 | 4115319 |
| വികസനഫണ്ട് ടി.എസ്.സി.പി. | 30000 | 30000 | 0 |
| ആകെ | 58236523 | 39289601 | 18946922 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം .

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | കുറ്റിപ്പുറംബ്ലോക്ക് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി | DD. 548945/5.2.2016 | 518376 | 518376 | പൂർത്തീകരിച്ചു | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ലൈൻ നീട്ടൽ 136/16 | | | | | |
| ,, | ,, | DD. 548949/5.2.15 | 16700 | 16700 | ,, | 0 |
| ,, | ,, | 730430/16.4.16 | 12440 | 12440 | ,, | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്.

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY കൺസോർഷ്യം | ഉത്തരവ് നമ്പർ 115/13 ത.സ്വ.ഭ.വ(സിഡി) തി. 22.3.2013 | 6839000 | 1430132 | - | - | 1623561 (പലിശഉൾപെടെ) |

- വാർഷിക കണക്ക് പ്രകാരം (Shedule B-1) ബ്ലോക്ക് പഞ്ചായത്ത് ലോൺ ഇനത്തിൽ അടവാക്കാനവശേഷിക്കുന്ന തുക 699500 രൂപ യാണ്. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ പ്രകാരം തുക 1623561 രൂപയാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40000രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-17 | 5000 | ശ്രീ.രാജൻ TP | ലഭ്യമല്ല |
| ,, | ,, | 10000 | ,, | ലഭ്യമല്ല |
| ,, | ,, | 10000 | ,, | ലഭ്യമല്ല |
| ,, | ,, | 5000 | ,, | ലഭ്യമല്ല |
| ,, | ,, | 5000 | ,, | ,, |

| | | | | |
|---|---|---|---|---|
| ,, | ,, | 5000 | ,, | ,, |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2001-02 | | സ്റ്റോർപർച്ചേസ് ചട്ട ലംഘനം | നടപടികൾതുടരുന്നു |
| 1999-00 | 3-8,<br>3-17 | 2006-07 | | 3-8 സ്ഥലംവാങ്ങൽഅധിക ചെലവ്<br>3-17 ഡെപ്പോസിറ്റ്പ്രവൃത്തികൾ. വിനിയോഗ വിവരം ലഭ്യമാക്കിയില്ല | ,, |
| 2001-02 | 3-3 | 2007-08 | | സ്ഥലം വാങ്ങൽ അപാകതകൾ | ,, |
| 2003-04 | 2-10 | ,, | | ,, | ,, |
| 2002-03 | 3-8,3-12,3-16 | ,, | | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | ,, |
| 2014-15 | 3-3 | 2015-16 | | അടിസ്ഥിന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | ,, |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻ ബാക്കി ഉൾപ്പെടെ ) | 133441150 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92828248 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8481 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3817239 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 8481 | ശ്രീ. ടി.പി. സുബ്രമണ്യൻ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 200000 | ഡോ:വിജിത് വിജയശങ്കർ. മെഡിക്കൽ ഓഫീസർ |
| 3-2 | 1111415 | ശ്രീ.പിജി കണ്ണൻ നായർ,സെക്രട്ടറി |
| 3-7 | 250000 | -ടി- |
| 3-9 | 450000 | ശ്രീ. അയ്യൂബ്. ക്ഷീര വികസന ഓഫീസർ |
| 3-10 | 1400000 | ശ്രീ. അരുൾ കുമാർ. പട്ടികജാതി വികസന ഓഫീസർ |
| 3-11 | 405824 | ശ്രീമതി.കുമാരി ശാന്തി. ഐ.എസ്. CDPO |
| ആകെ | 3817239 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം. ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ. ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി.പി. സുബ്രമണ്യൻ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | തെക്കേപുരക്കൽ, കാരക്കാട്,<br>കവളപ്പാറ പി.ഒ. 679523 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 7 | |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യത് 10.9.12 | 2 | |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യത് 10.9.12 | 6 | |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യത് 10.9.12 | 16 | |
| 2001-02 | എൽ.എഫ്.എം4/1161/05 തീയ്യത് 10.9.12 | 10 | |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യത് 20.8.10/10.9.12 | 8 | |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യത് 10.9.12 | 11 | |
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യത് 10.9.12 | 6 | |
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യത്20.8.10 | 6 | |
| 2006-07 (ചെലവ്) | എൽ.എഫ്.എം09/590/10 തീയ്യത് 17.1.13 | 11 | |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യത് 16.1.13 | 29 | |
| 2008-09 (ചെലവ്) | എൽ.എഫ്.എം09/1586/10 തീയ്യത് 20.9.2010 | 16 | |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യത് 18.11.2014 | 1 | |
| 2009-10-2013-14 | എൽ.എഫ്.എം.4/2421(2)/2014 തീയ്യത് 18.11.2014 | 22 | |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 16.11.2015 | 15 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

എം.എ.3/17

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം 8/524/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 17-03-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

AUDIT CERTIFICATE 2015-16

No. KSA/MPM/8/524/2017

Kerala State Audit Department
District Audit office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in

Date:17-03-2017

Certified that I have audited the Annual Financial Statement of Kuttippuram Block panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kuttippuram Block panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Senior Deputy Director
Kerala State Audit Department
Malappuram